(എ) ഇപ്പോഴത്തെ വിദ്യുച്ഛക്തിമന്ത്രിയെ, മന്ത്രിസഭയിൽ തിരിച്ചെടുക്കുന്നതിന് മുൻപ് ജസ്റ്റീസ് ജാനകിയമ്മയോട് നിയമോപദേശം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ അവർ നൽകിയ നിയമോപദേശം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല.

അന്വേഷണ കമ്മീഷനുകൾ

* 207 [239] ശ്രീ. ടി. കെ. ആറുമുഖൻ:
,, എ. കെ. പത്മനാഭൻ:
,, ജി. വരദൻ:
,, ടി. കെ. അബ്ദു:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് ഇതിനകം സർക്കാരിനു ലഭിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് ഇനി ലഭിക്കുവാനുള്ളത്;

(ഡി) എത്ര അന്വേഷണ കമ്മീഷനുകളുടെ കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആഭ്യന്തരവകുപ്പിൽ 13, വിജിലൻസ് വകുപ്പിൽ 2, മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) ആഭ്യന്തര വകുപ്പിൽ നിന്നും വിജിലൻസ് വകുപ്പിൽ നിന്നും നിയമിച്ചവരുടേത് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) റിപ്പോർട്ടു ലഭിച്ച എല്ലാ കമ്മീഷനുകളുടെയും കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതിൽ രണ്ടു കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്

* 208 [240] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്നന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ശുപാർശകൾ ഏതെല്ലാമാണ്;

(സി) ഏതെല്ലാം സമുദായങ്ങൾക്കാണ് അർഹമായ പരിഗണന ലഭിക്കുന്നില്ലെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്;

(ഡി) ഈ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഇ) സംവരണാനുകൂല്യം അർഹമായി ലഭിക്കുന്നില്ലാ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ സംവരണ ശതമാനം പുനർനിർണ്ണയം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സർക്കാർ സർവ്വീസിലും നിയമനങ്ങൾ പി. എസ്. സി.ക്ക് വിട്ടുകൊടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു പിന്നോക്ക സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം ഏതു പരിധിവരെ ലഭിച്ചിട്ടുണ്ട് എന്ന് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി, സി, ഡി, ഇ) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ഗവൺമെന്റ് പഠിച്ചുവരികയാണ്.

സ്പിൽ ഓവർ പദ്ധതികൾ

* 209 [241] ശ്രീ. ഒ. ഭരതൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ഹംസ:
,, സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാംപദ്ധതിയുടെ പൂർത്തീകരിക്കപ്പെടാത്ത പദ്ധതികൾക്ക് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ഏഴാം പദ്ധതിക്കാലത്തെ സ്പിൽ ഓവർ പദ്ധതികൾ എന്ന ലക്ഷ്യം കൈവരിക്കും;

(സി) എത്ര തുക ഇതിനു വേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 717 കോടി രൂപ.

(ബി) വൻകിട ജലസേചനപദ്ധതികളായ ഇടമലയാർ, കാക്കടവ്, ബേപ്പൂർപുഴ, കുരിയാർകുറ്റി–കാരപ്പാറ, വാമനപുരം, മീനച്ചിൽ എന്നീ പദ്ധതികൾ ഒഴികെയുള്ള മിക്കവാറും എല്ലാ സ്പിൽ ഓവർ പദ്ധതികളും ഏഴാം പദ്ധതിക്കാലത്തു തന്നെ ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly